## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1914** **17/06/2013 -ൽ** മറുപടിക്ക്

### ജ: കെ.പി. ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| ലോകായുക്ത നിയമങ്ങളും നടപടി ക്രമങ്ങളും പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റീസ് കെ.പി. ബാലചന്ദ്രൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം? | ലോകായുക്ത നിയമങ്ങളും നടപടി ക്രമങ്ങളും പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റീസ് കെ.പി. ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള ലോകായുക്ത ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ജസ്റ്റിസ് കെ.പി. ബാലചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

ജസ്റ്റിസ് കെ.പി. ബാലചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ കേരള ലോകായുക്ത ആക്ട് ഭേദഗതി ചെയ്യുന്നതിന് ലോകായുക്ത സമർപ്പിച്ച നിർദ്ദേശങ്ങളിന്മേലുള്ള കമ്മിറ്റിയുടെ ശുപാർശകളും, കമ്മിറ്റിയുടേത് മാത്രമായിട്ടുള്ള ശുപാർശകളും ഉൾപ്പെടുന്നു.

### എ) ലോകായുക്ത സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങളിന്മേലുള്ള ശുപാർശകൾ

- കേരള ലോകായുക്തയ്ക്ക് കോടതിയുടെ അധികാരങ്ങൾ നൽകുന്നതിന് ലോകായുക്ത സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതില്ല.

- കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സൊസൈറ്റികളെയും ഗസറ്റ് വിജ്ഞാപനം കൂടാതെ കേരള ലോകായുക്തയുടെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കാവുന്നതാണ്.

- കേരള ലോകായുക്തയ്ക്ക്/ ഉപലോകായുക്തയ്ക്ക് അവരുടെ നിയമന കാലാവധിക്ക് ശേഷം പുനർ നിയമനത്തിനുള്ള നിയന്ത്രണം നീക്കം ചെയ്യാൻ ലോകായുക്ത സമർപ്പിച്ച ഭേദഗതി നിർദ്ദേശം അംഗീകരിക്കേണ്ടതില്ല. കൂടാതെ ലോകായുക്ത/ ഉപലോകായുക്ത നിയമനത്തിന് 75 വയസ്സ് പ്രായപരിധി നിശ്ചയിക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തു. .

- അസുഖമോ മറ്റ് കാരണങ്ങൾ കൊണ്ടോ ലോകായുക്തയ്ക്ക് ഔദ്യോഗിക കർത്തവ്യ നിർവ്വഹണം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ രണ്ട് ഉപലോകായുക്തമാർ ഒരുമിച്ച് ഒരു ബെഞ്ചായി പ്രവർത്തിച്ച് ലോകായുക്തയുടെ അധികാരം ഏറ്റെടുക്കാമെന്ന ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കേണ്ടതില്ല. പകരം അസുഖമോ മറ്റ് കാരണങ്ങൾ കൊണ്ടോ ലോകായുക്തയ്ക്ക് ഔദ്യോഗിക കർത്തവ്യ നിർവ്വഹണം നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ലോകായുക്തയുടെ ഭരണപരമായ അധികാരം ഉപലോകായുക്തമാരിൽ സീനിയറായ ഉപലോകായുക്തയ്ക്ക് വഹിക്കാമെന്നും നിയമപരമായ അധികാരം രണ്ട് ഉപലോകായുക്തമാർക്ക് അവരുടെ തീരുമാനം ഐക്യകണ്ഠേന ആയിരിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി വഹിക്കാവുന്നതാണ്.

- ലോകായുക്ത പരിഗണിക്കുന്ന കേസുകൾക്ക് അഞ്ച് വർഷ സമയപരിധി നിശ്ചയിക്കുന്ന ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കേണ്ടതില്ല.

- ലോകായുക്ത മുമ്പാകെ സമർപ്പിക്കപ്പെട്ട പരാതികളിൽ ചിലത് പിന്നീട് പരാതിക്കാർ ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ യുക്തമായവയിൽ

തുടരന്വേഷണം നടത്തുന്നതിനും പരാതിക്കാർ ഉള്ളതുപോലെ കരുതി മുന്നോട്ട് നീങ്ങി അവ തീർപ്പു കൽപ്പിക്കുന്നതിന് ലോകായുക്ത/ ഉപ ലോകായുക്തയെ അധികാരപ്പെടുത്തുക.

- ലോകായുക്ത/ ഉപലോകായുക്ത നഷ്ടപരിഹാരം നൽകാൻ ഉത്തരവാകുന്ന കേസ്സുകളിൽ ആയത് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി ക്രമങ്ങൾ സ്വീകരിക്കാമെന്ന ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കേണ്ടതില്ല. കേരള ലോകായുക്ത ആക്ടിന്റെ 23(1) വകുപ്പ് പ്രകാരം നിയമ നിർമ്മാണത്തിന് സർക്കാരിന് അധികാരമുള്ളതിനാൽ നിയമ നിർമ്മാണ വേളയിൽ ഇക്കാര്യത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാവുന്നതാണ്.

- കേരള ലോകായുക്ത ആക്ട് 22(1) വകുപ്പ് പ്രകാരം സ്വത്ത് വിവര പട്ടിക സമർപ്പിക്കുന്നതിൽ നിന്നും ക്ലാസ്സ് III, IV, ദിവസക്കൂലി ജീവനക്കാരെ ഒഴിവാക്കാം എന്ന ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കേണ്ടതില്ല.

- കേരള ലോകായുക്ത ആക്ട് 22(2) വകുപ്പ് പ്രകാരം പൊതുജന സേവകർ സ്വത്ത് വിവര പട്ടിക സമർപ്പിക്കുമ്പോൾ കൃത്യസമയത്ത് സ്റ്റേറ്റുമെന്റ് സമർപ്പിക്കാതെ വരികയോ തെറ്റായ സ്റ്റേറ്റുമെന്റ് സമർപ്പിക്കുകയോ ചെയ്യുന്നവർക്ക് എതിരെ സ്വമേധയാ നടപടിയെടുക്കുന്നത് കൂടാതെ 10,000/- രൂപ വരെ പിഴ ചുമത്താൻ ലോകായുക്ത/ ഉപലോകായുക്തയ്ക്ക് അധികാരം നൽകുന്നതിനുള്ള ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കാവുന്നതാണ്.

- കേരള ലോകായുക്ത ആക്ടിന്റെ 2(o) വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ മേധാവികൾ അവരുടെ സ്ഥാപനങ്ങളിലെ പൊതുജന സേവകരുടെ തസ്തികകളിൽ ആളുകൾ മാറുമ്പോൾ ആയത് ഉത്തരവാദപ്പെട്ട അധികാരിയെ അറിയിക്കുവാൻ ചുമതലപ്പെട്ടിരിക്കുമെന്ന ലോകായുക്തയുടെ ഭേദഗതി നിർദ്ദേശം അംഗീകരിക്കാവുന്നതാണ്.

## ബി) കമ്മിറ്റിയുടേത് മാത്രമായിട്ടുള്ള ശുപാർശകൾ

- ലോകായുക്ത ആക്ടിലെ സെക്ഷൻ 24-ൽ സംസ്ഥാന/ ജില്ലാതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ചെയർമാനും അംഗങ്ങളും, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, കേരള സംസ്ഥാന മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷൻ, കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എന്നിവയെ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുക.

- ഒരു ആവലാതിയോ ആരോപണമോ ഉൾപ്പെടുന്ന പരാതി സംബന്ധിച്ച് 'ലോകായുക്തക്ക്' സ്വമേധയാ നടപടി ആരംഭിക്കുന്നതിനുള്ള അധികാരം നൽകുക.

- ലോകായുക്ത ആക്ട് സെക്ഷൻ 14(2)(i)-ൽ താഴെ പറയുന്ന ഭേദഗതി കമ്മിറ്റി ശുപാർശ ചെയ്തു:-

  മുഖ്യമന്ത്രിക്കോ ഒരു മന്ത്രിക്കോ എതിരായ പരാതി സംബന്ധിച്ച് സെക്ഷൻ 14 പ്രകാരമുള്ള ഡിക്ലറേഷൻ ലോകായുക്ത നടത്തിയാൽ ഇവർ തങ്ങളുടെ നിയമസഭാ അംഗത്വം രാജി വയ്ക്കണം, കൂടാതെ 6 വർഷത്തേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാനും പാടില്ല.

- എല്ലാ സ്വകാര്യ പ്രൊഫഷണൽ കോളേജുകളേയും ലോകായുക്ത നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുക.

- എല്ലാ പൊതു പ്രവർത്തകരും എല്ലാ വർഷവും തങ്ങളുടെ സ്വത്ത് വിവര കണക്ക് ബന്ധപ്പെട്ട അധികാരിക്ക് സമർപ്പിക്കണം.

- സ്വത്ത് വിവര കണക്ക് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 'കുടുംബം' എന്ന നിർവ്വചനത്തിൽ താഴെ പറയുന്നവരെ കൂടി ഉൾപ്പെടുത്തുക:-

  - ഭർത്താവ്/ ഭാര്യ
  - മാതാപിതാക്കൾ
  - ഭാര്യയുടെയോ ഭർത്താവിന്റെയോ മാതാപിതാക്കൾ
  - മക്കൾ, അവരുടെ ഭർത്താവ്/ ഭാര്യ

- എല്ലാ പൊതുജന സേവകരുടെയും സർക്കാർ ജീവനക്കാരുടെയും ആസ്തി ബാധ്യതകളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഒരു വെബ്സൈറ്റ് സൃഷ്ടിക്കുന്നതിന് ലോകായുക്ത നടപടിയെടുക്കേണ്ടതാണ്.

- എല്ലാ സ്വാശ്രയ സ്ഥാപനങ്ങളേയും ലോകായുക്തയുടെ പരിധിയിൽ കൊണ്ടു വരുന്ന കാര്യം നിയമപരമായി പരിശോധിച്ച് തീരുമാനിക്കേണ്ടതാണ്.

- ലോകായുക്ത/ ഉപലോകായുക്ത നിയമന പ്രക്രിയയിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസ്, ആഭ്യന്തരവും വിജിലൻസും വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി എന്നിവരെ കൂടി ഉൾപ്പെടുത്തുക.

സെക്ഷൻ ഓഫീസർ